"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ ലോ കോളേജുകളിലെ 2024-2025 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1459/2024/HEDN തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-

1. സഉ(കൈ) നം.452/2024/ഉ.വി.വ തീയതി 25/07/2024.
2. പ്രവേശന പരീക്ഷാ കമ്മീഷണറുടെ 02/11/2024-ലെ സിഇഇ/142/2024-റ്റിഎ3 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ ലോ കോളേജുകളിലെ 2024-2025 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 31/10/2024-ന് അവസാനിക്കുകയാണെന്നും എന്നാൽ പ്രസ്തുത കോഴ്സുകളിലെ പ്രവേശനത്തിനുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് മാത്രമാണ് നിലവിൽ പൂർത്തിയായിരിക്കുന്നതെന്നും ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടേയും സർവ്വകലാശാലകളുടെയും അഫിലിയേഷൻ താമസിച്ചതിനാൽ മൂന്ന് കോളേജുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത കോളേജുകളിൽ ഉൾപ്പെടെ 367 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും, ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ലോ കോളേജുകളിലെ 2024-2025 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 30/11/2024 വരെ ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ലോ കോളേജുകളിലെ 2024-2025 അധ്യയന വർഷത്തെ സംയോജിത പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി 30/11/2024 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

UMA DEVI L D

ജോയിന്റ് സെക്രട്ടറി

പകർപ്പ്

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ സർക്കാർ ലോ കോളേജ് തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/ കോഴിക്കോട്.

www.highereducation.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba Jayadevan

Date: 23-11-2024 16:45:20

സെക്ഷൻ ഓഫീസർ